**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.1894

11.02.2020 ൽ മറുപടിക്ക്.

**മുളവുകാട് റോഡ് വികസന പദ്ധതിയുടെ പുരോഗതി**

| **ചോദ്യം**<br>ശ്രീ. എസ്. ശർമ്മ | | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | 2019 ഡിസംബറിൽ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നതും ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കി വരുന്നതുമായ മുളവുകാട് റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസ്സം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | നിർദ്ദിഷ്ട പ്രദേശം വെള്ളക്കെട്ട് ഉള്ളതാണ്. കഴിഞ്ഞ വർഷം കനത്ത മഴയും വെള്ളപ്പൊക്കവും ഉണ്ടായതും യൂട്ടിലിറ്റീസ് ഷിഫ്റ്റ് ചെയ്യുന്നതിന് താമസം നേരിട്ടതും കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധിയും മൂലമാണ് ഡിസംബർ 2019 ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കിയിരുന്ന ടി പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (ബി) | പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതി 2020 മാർച്ചിൽ പൂർത്തിയാക്കുമെന്ന് KITCO അറിയിച്ചിട്ടുണ്ട്. |
| (സി) | മൂന്നാംഘട്ട പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ; | (സി) | മൂന്നാംഘട്ടം തണ്ടാശ്ശേരി മുതൽ ബോൾഗാട്ടി വരെയുള്ള ഭാഗത്ത് 100 -ൽ അധികം ഭൂഉടമകൾ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും, ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങളും പ്രതിഷേധങ്ങളും ഉള്ളതിനാലും നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ഡി) | മൂന്നാംഘട്ടത്തിലുൾപ്പെട്ടതും ഏറ്റെടുക്കേണ്ടതുമായ ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | മൂന്നാംഘട്ടത്തിൽ ഏകദേശം 70 ഭൂഉടമകളുടെ ഭൂമി ലഭ്യമാക്കി നഷ്ടപരിഹാരം നല്കിയിട്ടുള്ളതും ബാക്കിയുള്ളവയുടെ രേഖകൾ ലഭ്യമാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ